# ബൈക്ക് മോഷ്ടാവ് അറസ്റ്റിൽ

തിരുവനന്തപുരം:- വിഴിഞ്ഞത്ത് വീടിന് മുന്നിൽ പാർക്ക് ചെയ്തിരുന്ന ബൈക്ക് മോഷ്ടിച്ചെടുത്ത പ്രതിയെ പോലീസ് പിടികൂടി. തമിഴ്നാട് കന്യാകുമാരി ജില്ലയിൽ കൊല്ലംകോട് സുനാമി കോളനിയിൽ ഷലാൽ (23)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ഷലാൽ (23)

ജൂലൈ 8-നാണ് മോഷണം നടന്നത്. വിഴിഞ്ഞം തെന്നൂർക്കോണം സ്വദേശി വിനോദിന്റെ വീടിന് മുന്നിൽ പൂട്ടി വച്ചിരുന്ന യമഹ ബൈക്ക് രാത്രി പ്രതി പൂട്ട് പൊളിച്ച് മോഷ്ടിച്ചെടുക്കുകയായിരുന്നു. സമീപത്തെ സി.സി.ടി.വി ദൃശ്യങ്ങൾ ശേഖരിച്ചും മറ്റ് ശാസ്ത്രീയ അന്വേഷണങ്ങളുടേയും അടിസ്ഥാനത്തിൽ വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ-മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ-മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ തമിഴ്നാട്ടിലെ വള്ളവിളയിൽ നിന്നും അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും മോഷ്ടിച്ചെടുത്ത ബൈക്കും കണ്ടെടുത്തിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.